ലഭിച്ചിരിക്കുന്ന ഈ എൻജിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ആരംഭിക്കാനും ഈ കോളേജ് ഈ വർഷം തന്നെ പ്രവർത്തനമാരംഭിക്കാനുമുള്ള നടപടി ഉടനെ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം ജേക്കബ്:) ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ മൂന്ന് എൻജിനീയറിംഗ് കോളേജുകൾ തുടങ്ങണമെന്നാണ് തീരുമാനിച്ചിരുന്നത്. ഏഴാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാനപരമായ സമീപനം തന്നെ സന്തുലിതമായ പ്രാദേശിക വികസനം എന്നാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ആദ്യം പരിഗണന നൽകേണ്ടത് മലബാർ പ്രദേശത്തേക്കാണ് എന്ന അഭിപ്രായമാണ് ഗവൺമെന്റിൽ നിന്ന് പൊതുവായിട്ട് വന്നത്. അതുകൊണ്ടാണ് ആദ്യത്തെ കോളേജ് കണ്ണൂരിൽ ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തതും അതനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചതും, ഈ വർഷം ഇവിടെ കുട്ടികളെ അഡ്മിറ്റ് ചെയ്യുകയും ചെയ്യുന്നത്. കോട്ടയം ഇടുക്കി ജില്ലയിലായിട്ട് ഒരു കോളേജും ആലുവ പ്രദേശത്ത് വേറൊരു കോളേജും ആരംഭിക്കണമെന്നുള്ള തീരുമാനം ഗവൺമെന്റ് ഉപേക്ഷിച്ചിട്ടില്ല. ഏഴാം പദ്ധതിയിൽ ഇനി അവശേഷിക്കുന്ന വർഷങ്ങളിൽ ഒരു കോളേജുകൂടി ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ഇവിടെ ബഹുമാനപ്പെട്ട മുഹമ്മദാലി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയ കാര്യം പറഞ്ഞു. ശരിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയതാണെങ്കിൽ ആദ്യം കിട്ടിയത് കോട്ടയം, ഇടുക്കി ജില്ലയിലെ കോളേജിനാണ്. ഇവിടെയാണ് ആദ്യമായിട്ടു അനുവാദം കിട്ടിയത്. രണ്ടാമത് കിട്ടിയത് ആലുവയ്ക്കാണ്. കണ്ണൂരിലേക്കുള്ളതിന്റെ അനുവാദം കിട്ടാൻ പോകുന്നതേയുള്ളു. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമെന്ന് പറയുന്നത് ഫോർമലായിട്ടുള്ള സാംഗ്ഷൻ മാത്രമേയുള്ളു. ഇതിന് ആവശ്യമായിട്ടുള്ള പണം കണ്ടെത്തേണ്ടത് സംസ്ഥാന ഗവൺമെന്റ് തന്നെയാണ്. അപ്പോൾ ഗവൺമെന്റിന്റെ സാമ്പത്തികമായ കാര്യം കൂടി കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. എന്താണെങ്കിലും ആലുവ പ്രദേശത്ത് കോളേജ് ആരംഭിക്കും. അത് 7-ാം പദ്ധതിക്കാലത്ത് തന്നെ ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യും.

(2) ഒറപ്പാലം—മായന്നൂർ കോസ്വേ

ശ്രീ. വി.സി. കബീർ: സർ, പാലക്കാട് ജില്ലയിലെ ഒറപ്പാലവും തൃശ്ശൂർ ജില്ലയിലെ മായന്നൂരും തമ്മിൽ ബന്ധിപ്പിക്കുന്ന ഒറപ്പാലം—മായന്നൂർ കോസ്വേ വളരെ സുപ്രധാനമായ ഒരാവശ്യവും ആഗ്രഹവുമാണ്. മുമ്പ് ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദ്കോയാ സാഹിബ് ഇവിടെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒറപ്പാലത്ത് വരുകയും ഈ ആവശ്യം അദ്ദേഹം പരിഗണിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡ്രില്ലിംഗ് നടത്തുകയും ചീഫ് എഞ്ചിനീയർ ഓഫീസിൽ ഡിസൈൻ വരെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നാണെന്റെ അറിവ്. നൂറാണ്ടുകളുടെ ഒരാഗ്രഹമാണ് ഒറപ്പാലം—മായന്നൂർ കോസ്വേ. അങ്ങേക്കറിയാമല്ലോ തൃശ്ശൂർ ജില്ലയും പാലക്കാട് ജില്ലയും തമ്മിൽ ബന്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചുകൊണ്ട് ഭാരതപ്പുഴയിൽ നിർമ്മിക്കുന്ന ഈ കോസ്വേ ഒരു കണ്ണിയായി മാറും എന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല. തൃശ്ശൂർ ജില്ലയിലെ വടക്കൻപ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പാലം താലൂക്കാശുപത്രിയിലാണ് ഗർഭിണികളും രോഗികളും വരുന്നത്. അതുകൊണ്ട് മന്ത്രിമാരുടെ സൗകര്യം പരിഗണിച്ചും ബഹുമാനപ്പെട്ട അങ്ങയുടെ സൗകര്യം പരിഗണിച്ചും പാലക്കാടുമായി ബന്ധപ്പെടാനുള്ള ഏക മാർഗ്ഗം ഒറ്റപ്പാലം-മായന്നൂർ കോസ്വെ ആണ് എന്നുള്ള കാര്യം പരിഗണിച്ചും അതിനു മുൻഗണന കൊടുക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി കൂടെക്കൂടെ അവിടെ വരാറുണ്ട്. അദ്ദേഹത്തിന് എന്നോടും ഒറ്റപ്പാലത്തോടും താൽപര്യമുണ്ട്. എനിക്ക് അദ്ദേഹത്തെ വിശ്വാസമാണ്. അദ്ദേഹം അവിടെവെച്ച് ഒരു വാക്ക് പറഞ്ഞിട്ടുണ്ട്. അദ്ദേഹം വാക്കു പാലിക്കും എന്നു ഞാൻ വിശ്വസിക്കുകയാണ്. സുപ്രധാനമായ ഒറ്റപ്പാലം—മായന്നൂർ കോസ്വേ നിർമ്മിക്കുന്നതിന് കൽപ്പന പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പംതന്നെ അതിലേക്ക് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയും ക്ഷണിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഞാൻ ഇടയ്ക്കിടയ്ക്ക് ഒറ്റപ്പാലത്ത് പോകാറുണ്ട്. നിരവധി നിവേദനങ്ങളും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആണ് ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയത്. അതു കഴിഞ്ഞു. ഡിസൈൻ ഉണ്ടാക്കാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അവസാനഘട്ടത്തിലാണ് ഇപ്പോഴുള്ളത്. 75 ലക്ഷത്തിൽപ്പരം രൂപ ഇതിനുവേണ്ടിവരുമെന്നാണ് മനസ്സിലാക്കുന്നത്. സാമ്പത്തിക പരിമിതി എല്ലാവർക്കും അറിയാവുന്നതാണ്. കഴിയുന്നതും വേഗം ഇത് നടപ്പാക്കണമെന്നു തന്നെയാണ് ആഗ്രഹവും. സാമ്പത്തിക പരിമിതിക്ക് ഉള്ളിൽ നിന്നുകൊണ്ട് പ്രവർത്തനം ആരംഭിക്കാൻ പരമാവധി ശ്രമിക്കും എന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

(3) പടിയൂരിൽ വെറ്ററിനറി കോളേജ്

ശ്രീ. കെ.സി. ജോസഫ്: സർ, സംസ്ഥാനത്തെ പല മൃഗാശുപത്രികളിലും നിലവിലുള്ള ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് ഇത്തവണ ഒരു പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. നിയമസഭയിൽതന്നെ ചോദ്യോത്തരവേളയിലും സബ്മിഷനു മറുപടിയായും പുതിയ വെറ്ററിനറി കോളേജ് കണ്ണൂരിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനുള്ള വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ഈ കമ്മിറ്റി കണ്ണൂർ ജില്ലയിലുള്ള പല സ്ഥലങ്ങളും സന്ദർശിച്ചു. എന്റെ നിയോജക മണ്ഡലത്തിലെ പടിയൂരിലെ സ്ഥലമടക്കം സന്ദർശിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് കൊടുത്തുവെന്നറിയുന്നു. എന്നിട്ടും യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. സംസ്ഥാനത്തെ പല മൃഗാശുപത്രികളിലും ഇപ്പോൾ ഡോക്ടർമാരില്ലെന്നുള്ള ഗൗരവമായ കാര്യം പരിഗണിച്ചുകൊണ്ട് ഈ കാര്യത്തിൽ കാലതാമസം ഉണ്ടാകാതെ കഴിയുന്നതും ഈ അദ്ധ്യയന വർഷംതന്നെ കണ്ണൂരിൽ ആരംഭിക്കാൻ തീരുമാനിച്ച വെറ്ററിനറി കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly